# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6147

09/07/2013 - ൽ മറുപടിക്ക്

## സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ
(തൃക്കരിപ്പൂർ)

കാസർഗോഡ് ജില്ലയിൽ എത്ര മത്സ്യഗ്രാമങ്ങൾ ഉണ്ടെന്നും ഇവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; ഇവിടെയുള്ള എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല എന്ന് വ്യക്തമാക്കാമോ; ഇവർക്ക് എപ്പോൾ വീട് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി) :

കാസർഗോഡ് ജില്ലയിൽ നിലവിൽ 16 കടലോര മത്സ്യഗ്രാമങ്ങളും ഒരു ഉൾനാടൻ മത്സ്യ ഗ്രാമവുമാണ് ഉള്ളത്. മത്സ്യഗ്രാമങ്ങളുടെ പേരും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് പഠന റിപ്പോർട്ട് അനുസരിച്ചുള്ള വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | മത്സ്യഗ്രാമങ്ങളുടെ പേര് | വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | തൃക്കരിപ്പൂർ | 82 |
| 2 | വലിയപറമ്പ | 25 |
| 3 | പടന്ന കടപ്പുറം | 54 |
| 4 | തൈക്കടപ്പുറം | 123 |
| 5 | കാടംകോട് | 57 |
| 6 | പുഞ്ചാവി കടപ്പുറം | 123 |
| 7 | ഹോസ്ദുർഗ്ഗ് | 30 |
| 8 | അജാനൂർ | 102 |
| 9 | പള്ളിക്കര | 113 |
| 10 | കോട്ടിക്കുളം | 191 |
| 11 | കീഴൂർ | 67 |
| 12 | കസബ | 76 |
| 13 | കാവുഗോളി | 66 |
| 14 | കോയിപ്പാടി | 111 |
| 15 | ഷിറിയ | 96 |
| 16 | ബംഗര മഞ്ചേശ്വരം | 235 |
| 17 | തൃക്കരിപ്പൂർ (ഉൾനാടൻ) | പഠനം നടത്തിയിട്ടില്ല |

ഉൾനാടൻ മത്സ്യഗ്രാമത്തിലെ വീടില്ലാത്ത മത്സ്യത്തൊഴിലാളികുടെ എണ്ണം സംബന്ധിച്ച് പഠനം

നടത്തിയിട്ടില്ല. ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി മാതൃകാമത്സ്യഗ്രാമഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.